<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4683</u> <u>19-03-2025 - ൽ മറുപടിയ്ക്ക്</u>

<u>പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള ജല ലഭ്യത</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പ്രതിവർഷം എത്ര എം.സി.എഫ്.ടി. ജലമാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; 2021 മുതൽ പ്രസ്തുത കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജല വർഷത്തിൽ (ജൂലൈ 1- ജൂൺ 30) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ കേരളത്തിന് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്. ഒരു ജല വർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16.5 ടി.എം.സി.യിൽ (ബാഷ്പീകരണ നഷ്ടം ഉൾപ്പെടെ) കൂടുതൽ ആവുകയാണെങ്കിൽ 2.5 ടി.എം.സി. വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേക്കും ബാക്കി ജലം ചാലക്കുടി പുഴയിലേക്കും നൽകേണ്ടതാണ്. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. 2020-2021 ജലവർഷം മുതൽ ചില വർഷങ്ങളിലൊഴികെ പ്രസ്തുത കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കരാർ പ്രകാരം ജലം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ? | (ബി) | കൊടിയ വരൾച്ച അനുഭവപ്പെടുന്ന വർഷങ്ങളിൽ ഒഴികെ പൊതുവേ കേരളത്തിന് PAP യിൽ നിന്നും കരാർ പ്രകാരമുള്ള ജലം ലഭിച്ച് വരുന്നുണ്ട്. 2012-13 ജല വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി.എ.പി. യിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കേരള സർക്കാർ 30.01.2013 ന് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ, കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടു പോകാൻ ആണ് പൊതുവേ ധാരണയായത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരളത്തിന്റെ അന്തർ സംസ്ഥാന ജല ഉപദേശക കമ്മിറ്റി അംഗങ്ങളുമായും, മുല്ലപ്പെരിയാർ കേസിൽ കേരളത്തിനുവേണ്ടി ബഹു: സുപ്രീം കോടതിയിൽ വാദിക്കുന്ന മുതിർന്ന |

| | | | |
|---|---|---|---|
| | | | അഭിഭാഷകരുമായും കൂടിയാലോചിച്ച ശേഷം 16.04.2013 ന് തമിഴ്നാടിനെതിരായി ബഹു: സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2/2013), ഒരു ഇടക്കാല ഹർജിയും (01/2013) ഫയൽ ചെയ്യുകയുണ്ടായി. ഈ കേസ് നിലവിൽ ബഹു: സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പൂർണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ലഭിക്കുന്നതിനുള്ള ശ്രമങ്ങളാണ് കേരളം പൊതുവേ സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2020-21 ജലവർഷം മുതൽ 2024-25 ജല വർഷത്തിൽ ഫെബ്രുവരി 2nd ഫോർട്ട്നൈറ്റ് വരെ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു:

| Water Year | Kerala Sholayar Quantity in Mcft | Manacadavu | | Upper Nirar Quantity received in Mcft |
|---|---|---|---|---|
| | | Quantity realised in Mcft | Quantity net accepted in Mcft | |
| 2020-21 | 12320 | 9407 | 7626 | 991 |
| 2021-22 | 13954 | 17965 | 7628 | 1499 |
| 2022-23 | 11908.78 | 14471 | 7686 | 839 |
| 2023-24 | 12817.13 | 5774 | 5695 | 1111 |
| 2024-25 (Upto Feb 2nd FN 2025) | 9151.24 | 11170.31 | 5383 | 1430 |

Remi

**സെക്ഷൻ ഓഫീസർ**